## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1588

15.02.2016 ൽ മറുപടിയ്ക്ക്

## റബ്ബറിന്റെ വിലയിടിവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു : | | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഒരു കിലോ റബ്ബറിന്റെ വില എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ; | (എ) | 2011-12-ൽ RSS-4 ഗ്രേഡിലുള്ള സ്വാഭാവിക റബ്ബറിന്റെ ആഭ്യന്തര വിപണി വില കിലോക്ക് 208.05 രൂപയാണ്. |
| (ബി) | നിലവിൽ ഒരു കിലോ റബ്ബറിന്റെ വില എത്രയെന്ന് പറയാമോ; | (ബി) | നിലവിൽ (06/02/2015-ന് അവസാനിക്കുന്ന ആഴ്ചയിലെ കണക്കു പ്രകാരം) RSS-4 ഗ്രേഡിലുള്ള സ്വാഭാവിക റബ്ബറിന്റെ ആഭ്യന്തര വിപണി വില കിലോക്ക് 92.25 രൂപയാണ്. |
| (സി) | റബ്ബറിന് വിലത്തകർച്ച ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ; | (സി) | റബ്ബറിന് ഉണ്ടായിരിക്കുന്ന വിലയിടിവ് താഴെപ്പറയുന്ന കാരണങ്ങൾ മൂലമാണ്.<br>(i) അന്താരാഷ്ട്ര വിപണിയിൽ ബ്ളോക്ക് റബ്ബറിന്റെ വിലയിടിവ്<br>(ii) ചൈന, അമേരിക്ക, യൂറോപ്പ് എന്നീ രാജ്യങ്ങളിലെ സാമ്പത്തിക മാന്ദ്യം മൂലം സ്വാഭാവിക റബ്ബറിന്റെ ആവശ്യകതയിലുണ്ടായ കുറവ്<br>(iii) വളരെ കുറഞ്ഞ അളവിൽ മാത്രമേ ചൈന റബ്ബർ വാങ്ങുന്നുള്ളൂ.<br>(iv) സ്വാഭാവിക റബ്ബറിന്റെ അന്താരാഷ്ട്ര വിപണിയിലുള്ള വർദ്ധനവ്.<br>(v) തായിലന്റിൽ സംഭരണം നടപ്പിലാക്കിയതു മൂലം സ്റ്റോക്കിലുള്ള വർദ്ധനവ്<br>vi) എണ്ണ വിലയിടിവു മൂലം കൃത്രിമ റബ്ബർ വിലയിലുണ്ടായ ഇടിവ് |

(ഡി) ചെറുകിട റബ്ബർ കർഷകർക്ക് പലിശരഹിത കാർഷിക വായ്പ ലഭ്യമാക്കാൻ സർക്കാർ നടപടി കൈക്കൊള്ളുമോ ;

(vii) 2015, 2016 വർഷങ്ങളിൽ സ്വാഭാവിക റബ്ബറിന്റെ അധിക ലഭ്യതയെ സംബന്ധിച്ചുള്ള സൂചനകൾ

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ